ഉത്തരം

(എ) ഉണ്ട്.

(ബി) മാനദണ്ഡങ്ങൾ മറികടന്ന് നഴ്സിംഗ് സ്കൂളുകൾക്ക് അനുമതി നൽകിയെന്നതാണ് വിജിലൻസിന് ലഭിച്ച പരാതി.

(സി&ഡി) വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല. എന്നാൽ സ്പെഷ്യൽ റിപ്പോർട്ടും എഫ്.ഐ.ആറും ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൻമേൽ വിജിലൻസ് ഡയറക്ടറുടെ വിശദീകരണം വീണ്ടും ആവശ്യപ്പെട്ടിരിക്കുകയാണ്.

ആരോഗ്യവകുപ്പു ഡയറക്ടർക്കെതിരെ വിജിലൻസ് അന്വേഷണം

149 (3103) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പ് ഡയറക്ടർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ടിയാൻ ഈ സ്ഥാനത്ത് തുടരുന്നത് ശരിയാണോ ;

(സി) വകുപ്പുതലവനെ മാറ്റി നിർത്താതെയുള്ള വിജിലൻസ് അന്വേഷണം നടത്തിയാൽ തെളിവുകൾ നല്കാൻ ബാദ്ധ്യസ്ഥരായ കീഴ് ഉദ്യോഗസ്ഥർക്ക് സഹകരിക്കാൻ സാധിക്കില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ടിയാനെ ഈ സ്ഥാനത്ത് തുടരാൻ അനുവദിച്ചതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) അന്വേഷണം പുരോഗമിച്ചുവരികയാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്കുമാത്രമേ അന്വേഷണ വിധേയരായ ഉദ്യോഗസ്ഥരുടെ ആ കേസിലുള്ള പങ്ക് വ്യക്തമാകുകയുള്ളൂ. അന്വേഷണ മദ്ധ്യേ ആരോപണ വിധേയരായ ഉദ്യോഗസ്ഥർ തെളിവുകൾ നശിപ്പിക്കുന്നതിനോ അന്വേഷണത്തിൽ ഇടപെടുന്നതിനോ ഉള്ള സാഹചര്യമുണ്ടെന്നു ബോദ്ധ്യമായാൽ മാത്രമേ പ്രസ്തുത ഉദ്യോഗസ്ഥനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യാറുള്ളൂ.

ആശുപത്രി വികസന സമിതി യോഗങ്ങൾ ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ

150 (3104) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശുപത്രി വികസന സമിതി യോഗങ്ങൾ ചേരുന്നത് സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ബി) എച്ച്.ഡി.സി. യോഗങ്ങൾ ഫലപ്രദമായി ചേരാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly